12070
18/9/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി- സൈക്കോസോഷ്യൽ സർവ്വീസ്- സ്കൂൾ കൌൺസിലേഴ്സ് ട്രെയിനിംഗ്- സി.ഡി.സി വഴി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.547/2015/സാനീവ തീയതി, തിരുവനന്തപുരം 24/08/15**

---

പരാമർശം: - (1) 01-02-2013 ലെ സ.ഉ (സാധാ) നം 29/2013/സാനീവ.
(2) 16/05/2015 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
(3) 02-06-2015 ലെ 6108/ബി1/2015/സാനീവ നമ്പർ സർക്കാർ കത്ത്.
(4) 17/07/2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐ.സി.ഡി.എസ്. എ 6- 10255/14 നമ്പർ കത്ത്.
(5) 22/07/15 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കൌമാര പ്രായക്കാരായ പെൺകുട്ടികളുടെ സാമൂഹ്യമാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരമുള്ള സ്കൂൾ കൌൺസിലിംഗ് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. നിലവിൽ പരിശീലനം ലഭിക്കാത്ത 520 സ്കൂൾ കൌൺസിലേഴ്സിന് സി.ഡി.സി വഴി നാല് ദിവസത്തെ ട്രെയിനിംഗ് നടത്താൻ ഉദ്ദേശിക്കുന്നെന്നും 50 പേരടങ്ങുന്ന ഒരു ബാച്ചിന് 1,50,000/- രൂപ ചെലവിൽ 10 ബാച്ചുകളിലായി ട്രെയിനിംഗ് നടത്തുന്നതിന് 15,00,000/- രൂപയും യാത്രാബത്തയായി ഏകദേശം 5,00,000/- രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ ചെലവാകുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സി.ഡി.സി വഴി ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതിയും പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിൽ സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി നടത്തിപ്പിനായുള്ള '2235-02-102-62(01) പ്ലാൻ' ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

( 2) 22/07/15 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

( 3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച നിലവിൽ പരിശീലനം ലഭിക്കാത്ത 520 സ്കൂൾ കൌൺസിലേഴ്സിന് സി.ഡി.സി വഴി ട്രെയിനിംഗ് നടത്തുന്നതിന് ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 20,00,000/- (ഇരുപതു ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി നടത്തിപ്പിനായുള്ള '2235-02-102-62(01) പ്ലാൻ' ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ ,തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ